## ലോക്ക് ഡൗൺ കാലം ആസ്വാദ്യകരമാകാൻ കുടുംബശ്രീ കലാകാരികളുടെ കലാപ്രകടനങ്ങളുമായി കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ ഫേസ്ബുക്ക് ലൈവ്

കൊറോണ രോഗത്തിന്റെ വ്യാപനം തടയാനായി രാജ്യത്ത് പ്രഖ്യാപിച്ച ലോക്ക് ഡൗൺ നീട്ടിയ സാഹചര്യത്തിൽ, കുടുംബശ്രീ അയൽക്കൂട്ട വനിതകൾക്കായി വൈവിധ്യമാർന്നൊരു പരിപാടിയുമായി എത്തിയിരിക്കുകയാണ് കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ. കുടുംബശ്രീ ജില്ലാമിഷന്റെ ഒഫീഷ്യൽ ഫേസ്ബുക്ക് പേജിൽ തുടർച്ചയായി എല്ലാ ദിവസവും കുടുംബശ്രീയുടെ കലാകാരികൾ അവരുടെ കലാപ്രകടനങ്ങൾ കാഴ്ച വയ്ക്കുകയാണ് ചെയ്യുന്നത്. എല്ലാ ദിവസവും 5 മണിക്ക് ഫേസ്ബുക്ക് ലൈവിലൂടെ കലാകാരികൾ അവരുടെ കലാപരിപാടികൾ അവതരിപ്പിക്കും. വിഷു ദിനമായ ഏപ്രിൽ 14ന് ആണ് ഈ പരിപാടി ആരംഭിച്ചത്. പാട്ട്, മിമിക്രി, മോണോആക്ട്, നാടൻ പാട്ട് തുടങ്ങിയ കലാപരിപാടികളാണ് കുടുംബശ്രീ കലാകാരികൾ അവതരിപ്പിക്കുക. കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷന്റെ സംരംഭമായ 'കുടുംബശ്രീ തീയേറ്റർ' ലെ കലാകാരികളാണ് കലാപരിപാടികൾ അവതരിപ്പിക്കുന്നത്.

ആദ്യ ദിനമായ ഏപ്രിൽ 14ന് കുടുംബശ്രീ തീയേറ്റർ കലാകാരിയും സ്വകാര്യ ടി.വി.ചാനൽ പരിപാടിയിലൂടെ ശ്രദ്ധേയയായ ശ്രീമതി. സരിത ശിവൻ കാഴ്ച വെച്ച കലാപ്രകടനത്തിനു മികച്ച പ്രതികരണമാണ് ലഭിച്ചത്. തുടർച്ചയായ 15 ദിവസം കലാപരിപാടികൾ തത്സമയം അവതരിപ്പിക്കാനാണ് പദ്ധതി. തിരഞ്ഞെടുത്ത കലാകാരികളെ കുടുംബശ്രീ ജില്ലാമിഷന്റെ ഒഫീഷ്യൽ ഫേസ്ബുക്ക് പേജിൽ ആഡ് ചെയ്താണ് പരിപാടികൾ തത്സമയം അവതരിപ്പിക്കുന്നത്. കുടുംബശ്രീ സംസ്ഥാന കലോത്സവത്തിൽ തുടർച്ചയായ മൂന്നാം വർഷവും ഒന്നാമതെത്തിയ കുടുംബശ്രീ കാസറഗോഡ് ടീമിലെ കലാകാരികളെ ചേർത്ത് കഴിഞ്ഞ വർഷമായിരുന്നു കുടുംബശ്രീ

കാസറഗോഡ് ജില്ലാമിഷൻ, 'കുടുംബശ്രീ തീയേറ്ററിനു' രൂപം നൽകിയത്. നൂറ്റിയിരുപതോളം കുടുംബശ്രീ കലാകാരികളാണ് 'കുടുംബശ്രീ തീയേറ്ററിൽ' അംഗങ്ങൾ ആയുള്ളത്.

കമ്മ്യൂണിറ്റി കിച്ചൺ, മാസ്ക് നിർമാണം, സാനിറ്റൈസർ നിർമാണ പ്രവർത്തനങ്ങൾ എന്നിവ പുരോഗമിക്കുന്ന സാഹചര്യത്തിൽ, താഴെത്തട്ടിലുള്ള അയൽക്കൂട്ട കുടുംബങ്ങളെ, ലോക്ക് ഡൗൺ കാലഘട്ടം ആസ്വാദ്യകരമാക്കാൻ സഹായിക്കാനാണ് ഇത്തരമൊരു ആശയവുമായി കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ മുന്നോട്ടു വന്നത്. ഫേസ്ബുക്ക് ലൈവിലൂടെ കുക്കറി ഷോ അവതരിപ്പിക്കാനും പദ്ധതിയുണ്ട്. ബാലസഭാ കുട്ടികൾ, കുടുംബശ്രീ വനിതകൾ എന്നിവർക്കായി രചനാ മത്സരങ്ങൾ നടത്താനും കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ പദ്ധതിയിടുന്നു. ആശയ വിനിമയത്തിന്റെ പുത്തൻ സാധ്യതകൾ പ്രയോജനപ്പെടുത്തി, സാമൂഹ്യ അകലം പാലിച്ചുകൊണ്ട് തന്നെ, ഒരുമിച്ച് ഈ ലോക്ക് ഡൗൺ ആസ്വാദ്യകരമാക്കാൻ സാധിക്കുമെന്ന് തെളിയിക്കുകയാണ് കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ.